# ഹൃദയശസ്ത്രക്രിയക്ക് അമൃതയിൽ നൂതന മാർഗം

കൊച്ചി: ഹൃദയവാൽവ് ശസ്ത്രക്രിയാരംഗത്ത് പുത്തൻ കാൽവയ്പ്പിന് അമൃത ആശുപത്രി ഒരുങ്ങുന്നു. ഹൃദയശസ്ത്രക്രിയ രംഗത്തെ നൂതന മാർഗമായ മിനിമലി ഇൻപേസിവ് മിട്രൽ വാൽവ് റിപ്പയർ എന്ന ശസ്ത്രക്രിയ രീതിക്കുള്ള സജ്ജീകരണങ്ങൾ ജനുവരി ആദ്യവാരം തയ്യാറാകുമെന്ന് കാർഡിയോ വാസ്കുലർ ആൻഡ് തൊറാസിക് സർജറി വിഭാഗം മേധാവി ഡോ. ശിവ് കെ.നായർ പത്രസമ്മേളനത്തിൽ പറഞ്ഞു.

മാറെല്ല് ഭേദിച്ച് സാധാരണ ചെയ്യുന്ന ഹൃദയവാൽവിന്റെ ശസ്ത്രക്രിയക്ക് പകരം വാരിയെല്ലിന്റെ ഇടയിൽ ഏഴ് സെന്റീമീറ്റർ നീളത്തിൽ ചെറിയ മുറിവുണ്ടാക്കിയാണ് മിനിമിലി ഇൻപേസിവ് മിട്രൽ വാൽവ് റിപ്പയർ ശസ്ത്രക്രിയ നടത്തുന്നത്. ഇതിലൂടെ ശസ്ത്രക്രിയ സമയത്ത് ഉണ്ടാകുന്ന അമിത രക്തസ്രാവവും പക്ഷാഘാതവും ഒഴിവാക്കാൻ കഴിയും. കൂടാതെ വളരെ ചെറിയ വേദന മാത്രമേ രോഗി അനുഭവിക്കേണ്ടതുള്ളൂ. ശസ്ത്രക്രിയക്കുശേഷം രോഗി വളരെ കുറച്ച് സമയത്തിനുള്ളിൽ സാധാരണഗതിയിലെത്തും.

ശസ്ത്രക്രിയ ആരംഭിക്കുന്നതിന്റെ മുന്നോടിയായുള്ള ദ്വിദിന ശിൽപ്പശാല ഇന്നലെ അമൃത ആശുപത്രിയിൽ ആരംഭിച്ചു. ഇറ്റലിയിൽനിന്നുമെത്തിയ ഡോ. ലൂസിയ ടൊറാക്കോ തത്സമയം മിനിമിലി ഇൻവെസീവ് മിട്രൽ വാൽവ് റിപ്പയർ ശസ്ത്രക്രിയ നടത്തി ഇതേക്കുറിച്ച് വിശദീകരിച്ചു. ശിൽപ്പശാലയിൽ 20ൽപ്പരം ഡോക്ടർമാർ പങ്കെടുക്കുന്നുണ്ട്.

മിട്രൽ വാൽവ് റിപ്പയർ ശസ്ത്രക്രിയ ആരംഭിച്ചാൽ പൂർണ സജ്ജീകരണത്തോടെ ഇത്തരമൊരു ശസ്ത്രക്രിയ നടത്തുന്ന ഇന്ത്യയിലെ ആദ്യ ആശുപത്രിയായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് മാറുമെന്ന് ഡോ. ശിവ് കെ.നായർ അഭിപ്രായപ്പെട്ടു. മാർക്കറ്റിംഗ് മാനേജർ എം.ആർ.ഉണ്ണിത്താൻ പത്രസമ്മേളനത്തിൽ പങ്കെടുത്തു.